TUESDAY 20-12-2022 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : PADMAM S** **Editor : Dr. Saritha Vijayan K**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/12/2022.

1. ഇസ്രായേലിൽ പോയി കൃഷി പഠിക്കാൻ കേരളത്തിലെ കർഷകർക്ക് കൃഷി വകുപ്പ് അവസരം ഒരുക്കുന്നു. പരമാവധി 20 കർഷകർക്കാണ് അവസരം. ഈ മാസം 29 വരെ അപേക്ഷിക്കാം. ഇസ്രയേൽ കൃഷിയിലെ സാങ്കേതികവിദ്യകൾ നേരിട്ടുകണ്ടു മനസ്സിലാക്കാനാണ് അവസരം. താൽപര്യമുള്ള കർഷകർ കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ (www.aimsnew.kerala.gov.in) മുഖേന അപേക്ഷിക്കണം. പത്ത് വർഷത്തിന് മുകളിൽ കൃഷി പരിചയവും 50 വയസ്സിന് താഴെയുള്ള, നൂതന രീതികൾ പ്രയോഗിക്കാൻ താല്പര്യമുള്ള കർഷകരെ ആയിരിക്കും തിരഞ്ഞെടുക്കുക. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. ക്ഷീരവികസന വകുപ്പ് നെടുമങ്ങാട് ബ്ലോക്കിലെ കൊഞ്ചിറ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ തിരുവനന്തപുരം ജില്ലാ ക്ഷീര കർഷക സംഗമം 2022-23 കന്യാകുളങ്ങര, ഗ്രാന്റ് ആഡിറ്റോറിയത്തിൽ വച്ച് ഇന്നും നാളെയുമായി (**ഡിസംബർ 20, 21**) നടക്കുന്നു. ഇന്ന് (**ഡിസംബർ 20**-ന്) നടക്കുന്ന ക്ഷീരസഹകരണ സെമിനാർ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ. അനിലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. നാളെ (21-ന്) ക്ഷീരസംഗമം ഉദ്ഘാടനം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു മുഖ്യാതിഥി ആയിരിക്കും.

3. കോഴിക്കോട്, വേങ്ങേരി നഗര കാർഷിക വിപണന കേന്ദ്രത്തിൽ **ഡിസംബർ 22 മുതൽ 31** വരെ **വേങ്ങേരി അഗ്രിഫെസ്റ്റ്** എന്ന പേരിൽ വ്യാപാര ഉത്സവം സംഘടിപ്പിക്കുന്നു. കാർഷിക, കാർഷികേതര വിപണനവും, പ്രദർശനവും, നാട്ടുചന്തകൾ, കാർഷിക സെമിനാറുകൾ, പുഷ്പഫല പ്രദർശനം, കന്നുകാലി പ്രദർശനം തുടങ്ങിയവ വിപണന കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്.

4. പന്തളം മൃഗാശുപത്രിയിൽ നിന്നും ഓണാട്ടുകര വികസന പദ്ധതിയുടെ ഭാഗമായി പോത്തുകുട്ടിവളർത്തൽ പദ്ധതിക്കു വേണ്ടിയുള്ള അപേക്ഷ ക്ഷണിക്കുന്നു. പന്തളം

മുനിസിപ്പാലിറ്റിയിലുള്ള കർഷകർ പൂരിപ്പിച്ച അപേക്ഷകൾ, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം 2023 ജനുവരി 5 നു മുൻപ് മൃഗാശുപത്രിയിലോ, അടുത്തുള്ള വെറ്ററിനറി സബ് സെന്ററുകളിലോ സമർപ്പിക്കേണ്ടതാണ്

5. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യൽപാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈ ആയ കേരശ്രീയുടെ വലിയ തൈകൾ (മൊത്തം 400 എണ്ണം)ലഭ്യമാണ്. വില 250/- രൂപ. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര ഫോറസ്ട്രി കോളേജിൽ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ നിലവിലുള്ള അസിസ്റ്റൻറ് പ്രൊഫസർ ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് https://kau.in, https://forestry.kau.in സന്ദർശിക്കുക.

7. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ 60 ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറിട്ടുണ്ട്. ആവശ്യമുള്ളവർ **9495000923, 9495000933** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ, നേരിട്ട് കൊട്ടിയം ഫാമിൽ നിന്ന് കോഴികളെ വാങ്ങുകയോ ചെയ്യാവുന്നതാണന്ന് കെപ്കോ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

8. തിരുവനന്തപുരം, വെള്ളായണി, കാർഷിക കോളേജ്, **ഡിസംബർ 21, 22, 23** തീയതികളിലായി കേക്ക് & വൈൻ നിർമ്മാണം എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഈ പരിശീലനത്തിൽ വിവിധ തരത്തിലുള്ള കേക്കുകളായ, *ക്രിസ്തുമസ് കേക്ക്, വൈറ്റ് ഫോറസ്റ്റ് കേക്ക്, ചക്ക കേക്ക്, ക്യാരറ്റ് കേക്ക്, റെഡ് വെൽവെറ്റ് കേക്ക്, ഐസിങ് & ഡെക്കറേഷൻ* എന്നിവയും വൈൻ നിർമ്മാണത്തിന്റെ പരിശീലനത്തിനായി *ചക്കപ്പഴം, മുന്തിരി, നെല്ലിക്ക, പഴം* എന്നിവയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പരിശീലന ഫീസ് ആയിരം രൂപ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9539115117**

എന്ന ഫോൺ നമ്പറിലേക്ക് വിളിക്കുകയോ, പേരും ഫോൺ നമ്പരും വാട്സ്ആപ്പ് സന്ദേശമായി അയക്കുകയോ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **9495118208** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഡിസംബർ 21, 22 തീയതികളിൽ **ആടുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ നേരിട്ടോ, ഓഫീസ് സമയങ്ങളിൽ **04829 234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. റബ്ബർബോർഡ് ഡിസംബർ 22 -ന് തേനീച്ചവളർത്തലിൽ നടത്തുന്ന ഏകദിനപരിശീലനം (ഓൺ ലൈൻ) നടത്തുന്നു. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

11. മാവ് പൂത്തു കണ്ണിമാങ്ങയാകുന്ന സമയം മുതൽ തന്നെ കായീച്ചകളെ നിയന്ത്രിക്കുന്നതിനായി Methyl Eugenol, ഫെറമോൺ കെണികൾ ഉപയോഗിക്കാവുന്നതാണ്. 15 സെന്റിലേക്ക് ഒരു കെണി എന്ന തോതിൽ കെണി കെട്ടി തൂക്കി ഇടുകയാണ് ചെയ്യേണ്ടത്. ഇതോടൊപ്പം വീട്ടിൽ തന്നെ തയ്യാറാക്കാവുന്ന തുളസിക്കെണിയും ഉപയോഗിക്കുന്നത് ഫലപ്രദമാണ്. ഒരു ചിരട്ടയിൽ അൽപ്പം തുളസിയിലയും കീടനാശിനികളായ എക്കാലക്സ്, മാലത്തിയോൺ തുടങ്ങിയവയിലേതെങ്കിലും ചേർത്ത ശേഷം ഉറി പോലെ ശിഖരങ്ങളിൽ കെട്ടി തൂക്കി ഇടാവുന്നതാണ്. ഇവ 4 കെണികൾ ഒരു മാവിന് എന്ന തോതിൽ ഉപയോഗിക്കാം. 5 ദിവസത്തെ ഇടവേളകളിലായി തുളസിക്കെണികൾ മാറ്റി പുതിയത് സ്ഥാപിക്കുകയും ചെയ്യണം.

**മൃഗപരിപാലന നിർദ്ദേശങ്ങൾ**

12. തൊഴുത്തിലോ പരിസരത്തോ എലി ശല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ട് നിറം, മഞ്ഞപ്പിത്തത്തിന്റെ മറ്റു ലക്ഷണങ്ങളോ കാണുന്ന

പക്ഷം ഉടനെ വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം രക്ത പരിശോധന നടത്തി രോഗനിർണയം നടത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം